LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. ശ്രീ. ആരിഫ്, എം.എൽ.എ.-യുടെ ശിപാർശ പ്രകാരം 2013-ൽ നടന്ന അശ്വർ ജോബ് ഫെസ്റ്റിന് 5 ലക്ഷം രൂപ അനുവദിച്ചു. ശ്രീ. കെ. എം. ഷാജി എം.എൽ.എ.-യുടെ ശിപാർശ പ്രകാരം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടത്തുന്നതിന് ഒരു ലക്ഷം രൂപ അനുവദിച്ചു ശ്രീ. വിഷ്ണുനാഥ് എം.എൽ.എ.-യുടെ ശിപാർശ പ്രകാരം ചെങ്ങന്നൂർ ഫെസ്റ്റ് നടത്തുന്നതിന് 5 ലക്ഷം രൂപ അനുവദിച്ചു.

(സി) ബോർഡിൽ അഫിലിയേഷൻ ചെയ്തിട്ടുള്ള യൂത്ത് ക്ലബ്ബുകൾക്ക് സ്വയംതൊഴിൽ/ബോധവൽക്കരണം/കാർഷികം എന്നീ മേഖലകളിൽ പ്രവർത്തനം നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. ജില്ലാ യുവജനകേന്ദ്രങ്ങൾ വഴി ജില്ലാ ഓഫീസറുടെ ശിപാർശയോടുകൂടി വരുന്ന അപേക്ഷകൾക്ക് ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം ധനസഹായം നൽകിവരുന്നു.

തിരുവനന്തപുരം മൃഗശാലയിലെ മൃഗപരിപാലനം

223 (8059) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013 ജനുവരിക്കു ശേഷം തിരുവനന്തപുരം മൃഗശാലയിൽ രോഗം പിടിപ്പെട്ട് എത്ര മൃഗങ്ങൾ ചത്തിട്ടുണ്ട്;

(ബി) മൃഗശാലയിലെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത കാലയളവിൽ മൃഗശാലയിലേക്ക് പുതിയ മൃഗങ്ങളെ കൊണ്ടുവന്നിട്ടുണ്ടോ ?

ഉത്തരം

(എ) 2013 ജനുവരിക്കുശേഷം തിരുവനന്തപുരം മൃഗശാലയിൽ 7 മൃഗങ്ങൾ രോഗം പിടിപെട്ട് മരണപ്പെടുകയുണ്ടായി.

(ബി) മൃഗശാലയിലെ മൃഗപരിപാലനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. ശാസ്ത്രീയ രീതിയിലുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങൾ
2. ഫുട്ട് ടിപ്പുകൾ സ്ഥാപിക്കൽ
3. വാക്സിനേഷൻ

4. ഓടകളുടെ സമയബന്ധിതമായ ശുചീകരണം

5. അണുനശീകരണം നടത്തൽ

6. ആഹാര അവശിഷ്ടങ്ങൾ അതത് ദിവസംതന്നെ നീക്കം ചെയ്യൽ

7. കൃത്യമായുള്ള മാലിന്യ നിർമ്മാർജ്ജനം

(സി) ഉണ്ട്. പ്രസ്തുത കാലയളവിൽ മൃഗശാലയിലേക്ക് 34 പക്ഷിമൃഗാദികളെ കൊണ്ടുവന്നിട്ടുണ്ട്.

തിരുവനന്തപുരം മൃഗശാലയിൽ അനക്കോണ്ട

224 (8060) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ അനക്കോണ്ട പാമ്പുകളെ ഇറക്കുമതി ചെയ്യുവകയിൽ സർക്കാരിന് എത്ര രൂപ ചെലവായിട്ടുണ്ട് എന്നു വ്യക്തമാക്കുമോ ;

(ബി) അനക്കോണ്ട പാമ്പുകൾക്ക് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്നു വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മൃഗശാലയിൽ അനക്കോണ്ട പാമ്പുകളെ കൊണ്ടുവന്ന വകയിൽ 2,80,613 രൂപ ചെലവായിട്ടുണ്ട്.

(ബി&സി) അനക്കോണ്ട പാമ്പുകൾക്ക് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

(ഡി) പാമ്പുകളുടെ വില നിശ്ചയിക്കാൻ കഴിയാത്തതിനാൽ ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly